# തിരുവനന്തപുരം മോണോറെയിൽ പദ്ധതി റിപ്പോർട്ട് സമർപ്പണം ഡിസംബറിൽ

തിരുവനന്തപുരം മോണോറെയിൽ പദ്ധതിയുടെ വിശദമായ പദ്ധതിരേഖ(DPR) അടുത്തമാസം ആദ്യത്തോടെ തയ്യാറാവുമെന്ന് പൊതുമാമത്ത് വകുപ്പു മന്ത്രി വി.കെ.ഇബ്രാഹിംകുഞ്ഞ് അറിയിച്ചു.

തിരുവനന്തപുരം മോണോ റെയിൽ പദ്ധതി കേരള മോണോറെയിൽ കോർപ്പറേഷനെ ഏൽപ്പിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഇന്ന് പുറത്തിറങ്ങി. പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയിലാണ് പദ്ധതി നടപ്പാക്കുന്നത്.

കഴക്കൂട്ടം, ഉള്ളൂർ, എം.ജി.റോഡ്, തമ്പാനൂർ, കരമന, ബാലരാമപുരം എന്നീ സ്ഥലങ്ങളെ ബന്ധപ്പെടുത്തി 28 കി.മീ ദൈർഘ്യത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ ടെക്നോസിറ്റി മുതൽ കരമനവരെയാണ് ആദ്യഘട്ടത്തിൽ നടപ്പാക്കുക.

ഇത് സംബന്ധിച്ച് നാറ്റ്പാക്ക് നേരത്തേ സാധ്യതാ പഠനം നടത്തിയിരുന്നു. ഭാവിയിൽ നെയ്യാറ്റിൻകരയിലേക്കും ദൈർഘിപ്പിക്കാവുന്ന തരത്തിലാണ് പദ്ധതി. നേരത്തേ കെ.റ്റി.ഡി.എഫ്.സി യെ ആയിരുന്നു നോഡൽ ഏജൻസിയായി തീരുമാനിച്ചിരുന്നത്. എന്നാൽ മോണോറെയിൽ പദ്ധതികൾ നടപ്പാക്കാൻ കേരള മോണോ റെയിൽ കോർപ്പറേഷൻ രൂപീകരിക്കുന്ന സാഹചര്യത്തിൽ,മുഖ്യമന്ത്രി ചെയർമാനും പൊതുമരാമത്ത് മന്ത്രി വൈസ് ചെയർമാനുമായ ഈ കമ്പനിയായിരിക്കും മോണോറെയിൽ പദ്ധതി ഇനി നടപ്പാക്കുക.

മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർക്ക് മുൻപാകെ അടുത്തമാസം 11-ന് ഡി.എം.ആർ.സി മുഖ്യ ഉപദേഷ്ടാവ് ഇ.ശ്രീധരൻ തിരുവനന്തപുരം മോണോ റെയിലിന്റെ വിശദമായ പഠന റിപ്പോർട്ട് അവതരിപ്പിക്കുമെന്ന് പൊതുമരാമത്ത് മന്ത്രി പറഞ്ഞു. കമ്പനി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായികൊണ്ടിരിക്കുകയാണെന്നും മന്ത്രി അറിയിച്ചു.